കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-ജില്ലാ പഞ്ചായത്ത് ജീവനക്കാര്യം-സംസ്ഥാന തലത്തിൽ സ്വരാജ് ട്രോഫി നേടുന്ന ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ അവാർഡ് കാലയളവിലെ സെക്രട്ടറിമാർക്ക് മെമന്റോയും സാക്ഷ്യപത്രവും നൽകുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================================

തദ്ദേശ സ്വയംഭരണ(ഇപിബി)വകുപ്പ്

സ.ഉ.(സാധാ)നം. 1906/2015/തസ്വഭവ തീയതി, തിരുവനന്തപുരം 24/06/2015.

===================================================================

പരാമർശം:-1) സ.ഉ. (സാധാ)നം. 1043/2013/തസ്വഭവ തീയതി 18/04/2013.

2) കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ശ്രീ. എസ്. ജയമോഹൻ സമർപ്പിച്ച 06/03/2015-ലെ നിവേദനം.

3) കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറി, ശ്രീ. കെ. അനിൽകുമാർ സമർപ്പിച്ച 06/05/2015-ലെ അപേക്ഷ.

4) പഞ്ചായത്ത് ഡയക്ടറുടെ 30/05/2015-ലെ ജി2-50000/2014 നമ്പർ കത്ത്.

## ഉത്തരവ്

കൊല്ലം ജില്ലാ പഞ്ചായത്ത് 2013-'14 വർഷത്തെ മികച്ച ജില്ലാ പഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി , കേന്ദ്ര സർക്കാരിന്റെ രാജീവ് ഗാന്ധി ശാക്തീകരൺ പുരസ്കാരം , വനമിത്ര പുരസ്കാരം എന്നിവ നേടിയിട്ടുണ്ടെന്നും ആയതിനാൽ 2013-'14 വർഷത്തെ മികച്ച ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്കുള്ള പുരസ്കാരം കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകണമെന്നും പരാമർശം (3)പ്രകാരം കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്. ടി ആവശ്യം, പരാമർശം (2) പ്രകാരം കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശുപാർശ ചെയ്തിട്ടുമുണ്ട്.

മേൽ ശുപാർശ സംബന്ധിച്ച് പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ, മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അവാർഡ് കരസ്ഥമാക്കുന്ന ഗ്രാമ പഞ്ചായത്തുകളുടെ സെക്രട്ടറിമാർക്ക് പരാമർശം (1) പ്രകാരം 2012-'13 വർഷം മുതൽ ട്രോഫിയും മെമന്റോയും നൽകി വരുന്നുണ്ടെന്നും മികച്ച ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കുള്ള സ്വരാജ് ട്രോഫി അവാർഡിന് അർഹമാകുന്ന ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ സെക്രട്ടറിമാർക്ക് കൂടി ട്രോഫിയും മെമന്റോയും നൽകി ആദരിക്കുന്നത് ഉചിതമായിരിക്കുമെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 2013-'14 വർഷത്ത മികച്ച ബ്ലോക്ക് പഞ്ചായത്തായും മികച്ച ജില്ലാ പഞ്ചായത്തായും തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലെ സെക്രട്ടറിമാർക്ക് കൂടി മെമന്റോയും സാക്ഷ്യപത്രവും നൽകാവുന്നതാണെന്നും ഇതിലേയ്ക്കാവശ്യമായ തുക പഞ്ചായത്ത് ദിനാഘോഷത്തിന്റെ ഫണ്ടിൽനിന്നും കണ്ടെത്താവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3)ലെ അപേക്ഷയും

പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിലെ ശുപാർശയും പരിഗണിച്ച് സംസ്ഥാന തലത്തിൽ മികച്ച ബ്ളോക്ക്/ജില്ലാ പഞ്ചായത്തുകൾക്കുള്ള 2013-'14 വർഷത്തെ സ്വരാജ് ട്രോഫി നേടിയ ബ്ളോക്ക് പഞ്ചായത്തിലേയും ജില്ലാ പഞ്ചായത്തിലേയും അവാർഡ് കാലയളവിലെ സെക്രട്ടറിമാർക്ക് മെമന്റോയും സാക്ഷ്യപത്രവും നൽകുന്നതിന് അനുവാദം നൽകിയും കൂടാതെ 2014-'15 വർഷം മുതൽ മികച്ച ബ്ളോക്ക്/ജില്ലാ പഞ്ചായത്തുകൾക്കുള്ള സ്വരാജ് ട്രോഫി നേടുന്ന ബ്ളോക്ക്പഞ്ചായത്തിലേയും ജില്ലാ പഞ്ചായത്തിലേയും അവാർഡ് കാലയളവിലെ സെക്രട്ടറിമാർക്ക് കൂടി മെമന്റോയും സാക്ഷ്യപത്രവും നൽകുന്നതിന് അനുവാദം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
കൃഷ്ണ ശർമ്മ. പി,
അഡീഷണൽ സെക്രട്ടറി

1. ശ്രീ. കെ. അനിൽകുമാർ, സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കൊല്ലം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. കമ്മീഷണർ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം.
4. ഡയറക്ടർ, കില, തൃശ്ശൂർ.
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6. എല്ലാ ജില്ലാ/ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ട്മാർക്കും.
7. എല്ലാ ജില്ലാ/ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും
8. തദ്ദേശ സ്വയംഭരണ(ഇ ആർ എ)വകുപ്പ്.
9. വെബ്&ന്യൂ മീഡിയ, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ